## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2435 18.02.2016-ൽ മറുപടിയ്ക്കുണ്ടായിരുന്നത്**

**കടിവെള്ളം, ശുചിത്വം, മാലിന്യ നിർമ്മാർജനം - അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ**

| ചോദ്യം<br>ശ്രീ.വി.ചെന്താമരാക്ഷൻ : | മറുപടി<br>മാത്യു ടി തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| എ. വെള്ളം, ശുചിത്വം, മാലിന്യ നിർമ്മാർജനം എന്നിവയ്ക്കാവശ്യമുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതികൾ രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ ; | എ ലോകബാങ്ക് ധനസഹായത്തോടെ ജനപങ്കാളിത്തത്തോടുകൂടി 1022 കോടി രൂപ മുതൽ മുടക്കി ഗ്രാമീണ മേഖലയിലുള്ള ജനങ്ങൾക്ക് ആവശ്യാധിഷ്ഠിതമായി കടിവെള്ളവും, ശുചിത്വ സംവിധാനങ്ങളും (ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം) ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാന സർക്കാർ ജലനിധി രണ്ടാംഘട്ട പദ്ധതിയും ശുചിത്വ മിഷൻ സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതികളും നടപ്പിലാക്കി വരുന്നു. |
| ബി എങ്കിൽ ആയതിലേയ്ക്കായി ഇതുവരെ എന്തെല്ലാം പദ്ധതിയാണ് ആവിഷ്കരിച്ച് നടപ്പാക്കിയതെന്നും ഇതുവരെ സർക്കാർ ഖജനാവിൽ നിന്നും ഇതിനായി എത്ര തുക നീക്കിവെച്ചെന്നും ഏതെല്ലാം പ്രവർത്തനങ്ങൾക്കായി എത്ര തുക വീതം ചെലവഴിച്ചു വെന്നും വ്യക്തമാക്കാമോ? | പദ്ധതി ചെലവിന്റെ 64 ശതമാനം ബാങ്ക് വായ്പയായും ബാക്കി തുക ജലനിധി നിയമാവലി അനുസരിച്ച് സംസ്ഥാന സർക്കാരും ഗ്രാമപഞ്ചായത്തുകളും ഗുണഭോക്താക്കളും വഹിക്കുന്നു. ശുചിത്വ പരിപാലനത്തിന്റെ ഭാഗമായി (ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം) പദ്ധതിയുടെ ആദ്യ രണ്ടു ബാച്ചികളിലായി 11155 സാനിട്ടേഷൻ യൂണിറ്റുകൾ സ്ഥാപിക്കാനുള്ളതിൽ 5864 യൂണിറ്റുകൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ശുചിത്വ മിഷനുമായി ചേർന്ന് ജലനിധി പഞ്ചായത്തുകളിൽ 20,000 കക്കൂസുകൾ നിർമ്മിക്കാൻ തീരുമാനിക്കുകയും പദ്ധതിയുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയും ചെയ്യുന്നു.<br>ബാച്ച് 1-ൽ 20 പഞ്ചായത്തുകളിലായി 465 കടിവെള്ള പദ്ധതികൾ ഏറ്റെടുത്തതിൽ 441 |

പദ്ധതികൾ കമ്മീഷൻ ചെയ്യുകയും, ബാച്ച് 2-ൽ 62 പഞ്ചായത്തുകളിലായി 1182 പദ്ധതികൾ ഏറ്റെടുത്തതിൽ 734 പദ്ധതികൾ കമ്മീഷൻ ചെയ്യുകയും, ബാച്ച് 3-ൽ 23 പഞ്ചായത്തു കളിലായി 498 പദ്ധതികൾ നടപ്പാക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ബാച്ച് 3 പദ്ധതിയുടെ പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്. കൂടാതെ 3 മൾട്ടി ജി പി ബൃഹദ് പദ്ധതികളും ജലനിധി നടപ്പാക്കി വരുന്നു.

ജലനിധി രണ്ടാംഘട്ട പദ്ധതിയ്ക്കായി 2010-11 മുതൽ 2015-16 വരെയുള്ള വർഷങ്ങളിൽ ബഡ്ജറ്റ് വിഹിതമായി ആകെ 980.66 കോടി രൂപ വകയിരുത്തിയതിൽ നാളിതുവരെ പ്രസ്തുത പദ്ധതികൾക്കായി 585.42 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

ശുചിത്വ മിഷൻ മുഖേന പൊതു പ്ലാന്റുകളും അവയുടെ നവീകരണവും ഉറവിട മാലിന്യ സംസ്കരണം, ദ്രവമാലിന്യ സംസ്കരണം എന്നിവയ്ക്കായി സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്ന് 12,601.25 ലക്ഷം രൂപ നീക്കി വയ്ക്കുകയും 11,113.39 ലക്ഷം രൂപ ചിലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഗാർഹിക കക്കൂസ്, കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സ്, സ്കൂൾ ടോയ്ലറ്റ്, അംഗനവാടി ടോയ്ലറ്റ് എന്നിവയ്ക്കായി 21,954.13 ലക്ഷം രൂപ (കേന്ദ്ര - സംസ്ഥാന ഫണ്ടുകളടക്കം) നീക്കി വയ്ക്കുകയും, 21,447.39 ലക്ഷം രൂപ ചിലവഴിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ